(ബി) വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു ;

1.	പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്	-	14
2.	പാങ്ങോട് ഗ്രാമപഞ്ചായത്ത്	-	336
3.	നന്ദിയോട് ഗ്രാമപഞ്ചായത്ത്	-	458
4.	പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്	-	804
5.	ആനാട് ഗ്രാമപഞ്ചായത്ത്	-	4
6.	പനവൂർ ഗ്രാമപഞ്ചായത്ത്	-	72
	ആകെ	-	1688

വാമനപുരം നിയോജക മണ്ഡലത്തില ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലില്ല. വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ 760 ആണ്.

(സി) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ള 760 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി അടുത്ത രണ്ട് വർഷത്തിനുള്ളിൽ വീട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വാമനപുരം നിയോജക മണ്ഡലത്തിലെ 74 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

341 (681) ശ്രീ. റ്റി. യു കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിൽ വലിയ കഷ്ടതയിൽ ജീവിക്കുന്ന ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വരുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആദിവാസി ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിൽ ഉൾപ്പെടെ ഇവരുടെ ക്ഷേമത്തിന് സമയബന്ധിതമായ കർമ്മപരിപാടികൾ നടപ്പാക്കുന്നകാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 54 പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ ഭൂമി വിതരണം ചെയ്യുന്നതാണ്.

(ബി) വനംവകുപ്പ് ഭൂമി ലഭ്യമാക്കിക്കഴിഞ്ഞാലുടൻതന്നെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള വിവിധ ക്ഷേമ പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിക്കാൻ കഴിയുന്നതാണ്.

കൈത്താങ്ങ് പദ്ധതി

342 (682) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ക്ഷേമത്തിനായി കൈത്താങ്ങ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) അനാഥരായ ആദിവാസിക്കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന വിശദമാക്കാമോ ;

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly